നടത്തുന്ന ജില്ലാ അവലോകന മീറ്റിംഗുകളിലും വകുപ്പ് സെക്രട്ടറിയും വകുപ്പദ്ധ്യക്ഷനും നടത്തുന്ന മാസാന്ത്യ സംസ്ഥാനതല സമ്മേളനത്തിലും സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്താറുണ്ട്.

(ഡി) ഇവ കൈമാറിയിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അവയുടെ പ്രവർത്തനം പൂർണ്ണമായി വിലയിരുത്തുന്നതിന് സമയം ആയിട്ടില്ല.

(ഇ) സ്ഥാപനങ്ങളുടെ/ആശുപത്രികളുടെ ഭരണപരമായ നടത്തിപ്പും നിയന്ത്രണവും മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ജീവനക്കാരുടെ നിയമനം, ശമ്പളം എന്നിവ ബന്ധപ്പെട്ട വകുപ്പുകളിലൂടെ സർക്കാരിൽ നിക്ഷിപ്തമാണ്. അപ്രകാരം ജീവനക്കാർ ആരോഗ്യവകുപ്പിന്റെ കീഴിൽ തന്നെയാണ് തുടരുന്നത്. എന്നാൽ ഇവരുടെ മേൽഭരണപരമായ നിയന്ത്രണം ജില്ലാ പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കുന്നതാണ്.

(എഫ്) ആശുപത്രിയുടെ ആസ്തി ബാദ്ധ്യതകളും മറ്റു വസ്തുക്കളും സാർക്കാരിന്റെതായി തുടരും. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ജി.ഒ.(പി.) നമ്പർ : 566/95/ആ.കു.വ. തീയതി 23-12-1995 എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് (എ) പിരിവിനോടൊപ്പം വച്ചിട്ടുണ്ട്.

റേഷൻ സാധനങ്ങളുടെ വില വർദ്ധനവ്

18(*16) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമിതപ്പെടുത്തുന്നതിനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനും നീക്കമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി നിലനിർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ) :

(എ) ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. പത്രറിപ്പോർട്ടുകൾ നേരത്തേതന്നെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കഴിഞ്ഞ ജനുവരി 31-ാം തീയതി ബാംഗ്ലൂരിൽ ചേർന്ന ദക്ഷിണമേഖലാ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്രം ഉന്നയിച്ചിരുന്നു.

(i) ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവ് വരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ii) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കുറവു വരുത്താതെ തന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

(iii) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നല്കുക.

(iv) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്ര വിൽപ്പന വർദ്ധിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുക.

(v) വില വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വില(Economic cost)യോ മാർക്കറ്റ് വിലയോ ഏതാണ് കുറവെന്നാൽ അത്.

ഇത് നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ വിഹിതം വർദ്ധിപ്പിക്കുന്നത് സ്വാഗതാർഹം തന്നെ. എന്നാൽ അതിന്റെ മറവിൽ മറ്റു വിഭാഗങ്ങൾക്ക് നൽകുന്ന അരിയുടെ വിഹിതം കുറയ്ക്കുകയോ വില വർദ്ധിപ്പിക്കുകയോ ചെയ്യുന്ന ഏതു നീക്കവും 'ഭക്ഷ്യസുരക്ഷ' എന്ന ലക്ഷ്യത്തിന് എതിരാണെന്ന വസ്തുത കാര്യകാരണങ്ങൾ സഹിതം കേന്ദ്രസർക്കാർ പ്രതിനിധികളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഫെബ്രുവരി 17-ന് ചേർന്ന എം.പി.മാരുടെ സമ്മേളനത്തിലും ഇക്കാര്യത്തിൽ അവർ കൈക്കൊള്ളേണ്ട നിലപാടിനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇത്രയുമൊക്കെ ചെയ്തശേഷവും, കേന്ദ്രം റേഷൻ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുകയോ അവയുടെ അലോട്ടുമെന്റ് ഗണ്യമായി കുറയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, പൊതുജനങ്ങൾക്ക് അവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്ന കാര്യം സംസ്ഥാനഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly